# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്ത് - 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.5 ന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 571 / 14/തസ്വഭവ. തിരുവനന്തപുരം, തീയതി: 26/02/2014

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 09/13-ലെ എം3-28476/13 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 03/01/2014-ലെ LF-P.T1/18100/2013-ാം നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം സർക്കാർ മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനം എന്ന നിലയിൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ 'ലൈബ്രറികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ' എന്ന പദ്ധതിയിൽ പഞ്ചായത്ത് ചെലവ് ചെയ്ത 31,050/- രൂപ (മുപ്പത്തിയൊന്നായിരത്തി അമ്പത് രൂപ മാത്രം) ആഡിറ്റ് നിരാകരിച്ചിരുന്നു.

ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട ലൈബ്രറികൾ എല്ലാം തന്നെ നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നതിനാലും പഞ്ചായത്തിലെ ജനങ്ങളുടെ സാംസ്കാരിക പുരോഗതിയിൽ സജീവമായി ഇടപെട്ട് പ്രവർത്തിക്കുന്നതിനാലും ഇത്തരം ലൈബ്രറികളെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമായതിനാലും പ്രസ്തുത ധനസഹായം ഉപയോഗിച്ച് കരസ്ഥമാക്കിയ ആസ്തികൾ ഇപ്പോഴും നിലവിലുള്ളതിനാലും ടി ചെലവിന് സാധൂകരണം നൽകാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനം, കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ മുഖേന സൂചന ഒന്ന് പ്രകാരം പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് സൂചന 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പഞ്ചായത്തിന്റെ മറുപടി പരിഗണിച്ചും ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശ പരിഗണിച്ചും പ്രസ്തുത ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച 2006-07 വർഷത്തെ ഓഡിറ്റ്

റിപ്പോർട്ടിലെ ഖണ്ഡിക 3.5 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 31,050/- (മുപ്പത്തിയൊന്നായിരത്തി അമ്പത് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പ്രസന്നകുമാരി.എം.സി,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കങ്ങഴ ഗ്രാമപഞ്ചായത്ത്, കോട്ടയം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ